(സി) ഇതിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ നൽകുമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) കുടിവെള്ള പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) വലിയപറമ്പു പഞ്ചായത്തിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ തൃക്കരിപ്പൂർ ഫിഷിംഗ് വില്ലേജിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിന് ബഹു: എം.എൽ.എ. ജലസ്രോതസ്സ് ഏറ്റെടുത്ത് നൽകാമെന്ന വ്യവസ്ഥയിൽ എസ്റ്റിമേറ്റിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഇതുവരെ ജലസ്രോതസ്സ് ഏറ്റെടുത്തു നൽകിയിട്ടില്ല. ഗ്രൗണ്ടു വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായത്തിൽ കുടിവെള്ളത്തിന്റെ ലഭ്യത വിരളമാണെന്ന് അറിയിക്കുകയുണ്ടായി. ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ലാത്തതിനാൽ പൈപ്പു ലൈൻ എക്സ്റ്റൻഷന്റെ സാദ്ധ്യതയും പ്രായോഗികമല്ല. ഈ പദ്ധതി നടപ്പിലാക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് മുഖേനയാണ്.

(സി) ഇല്ല.

(ഡി) കുടിവെള്ളത്തിന്റെ ലഭ്യത വിരളമായതിനാൽ ഈ പദ്ധതി ആരംഭിക്കാൻ കഴിയില്ല.

## വാട്ടർ അതോറിറ്റി ആക്ട് സംബന്ധിച്ച ചട്ടങ്ങൾ

54 (3454)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-ലെ വാട്ടർ അതോറിറ്റി ആക്ട് സംബന്ധിച്ച ചട്ടങ്ങൾ പ്രസിദ്ധീകരിച്ചത് എന്നാണ്;

(ബി) പ്രസ്തുത ചട്ടം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഗസറ്റിൽ പ്രസിദ്ധീകരിക്കാത്ത ചട്ടങ്ങൾക്ക് നിയമസാധ്യതയുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 13/04/1984-ൽ.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

## കണാട് ശുദ്ധജലവിതരണ പദ്ധതി

55 (3455)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കണാട് ശുദ്ധജലവിതരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണാട് ശുദ്ധജലവിതരണ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഇല്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ കളനാടിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ബി) കളനാട് ശുദ്ധജലവിതരണ പദ്ധതിയുടെ സർവേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ജലസ്രോതസ്സിന്റെ പര്യാപ്തതയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിവരുന്നു.

**കേരള വാട്ടർ അതോറിറ്റിയുടെ മാനവീയം**

56 (3456)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള വാട്ടർ അതോറിറ്റി മാനവീയം സാംസ്ക്കാരിക മിഷനുമായി ബന്ധപ്പെട്ടു നടത്തുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റി മാനവീയം പരിപാടികളുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള വിവിധ പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ചേർത്തിരിക്കുന്നു.

**ലേബർ അജണ്ട-2000**

57 (3457)ശ്രീ. എളമരം കരീം :

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച 'ലേബർ അജണ്ട 2000'' എന്ന പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly